# കേസുകൾ വേഗം തീർപ്പാക്കാൻ 27 പുതിയ കോടതികൾ

ഇന്ത്യയിലെ വിവിധ കോടതികളിലായി തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന ലക്ഷക്കണക്കിന് കേസുകൾ അടിയന്തിരസ്വഭാവത്തോടെ വാദം കേട്ട് തീർപ്പുകേൾപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ഫാസ്റ്റ്ട്രാക്ക് കോടതികൾ നിലവിൽ വരുകയാണ്.

ഓരോ ജില്ലയിലും 5 സെഷൻസ് കോടതികൾ വീതമാണ് അഡ്ഹോക് അടിസ്ഥാനത്തിൽ നിലവിൽ വരുക. ഒന്നാംഘട്ടമെന്ന നിലയിൽ ഈ മധ്യവേനലവധി കഴിഞ്ഞ് കോടതികൾ തുറക്കുന്നതോടൊപ്പം വയനാട് ജില്ലയൊഴികെ മറ്റ് ജില്ലകളിലെല്ലാം രണ്ടുവീതവും വയനാട്ടിൽ ഒന്നും ഫാസ്റ്റ് ട്രാക് കോടതികൾ പ്രവർത്തനമാരംഭിക്കും. അതായത് ഒറ്റയടിക്ക് കേരളത്തിൽ 27 പുതിയ കോടതികളാണ് നിലവിൽ വരുന്നത്. തുടക്കത്തിൽ ഈ കോടതികൾ സെഷൻസ് കേസുകൾ മാത്രമാണ് കൈകാര്യം ചെയ്യുക. ഇന്ത്യയിൽ 2 ലക്ഷം പേരോളം വിധി കാത്ത് ജയിൽവാസമനുഭവിക്കുന്നുണ്ട്. ഇവരുടെ എണ്ണം പകുതിയാക്കി കുറയ്ക്കാനായാൽത്തന്നെ പ്രതിവർഷം 200 കോടി രൂപയാണ് സർക്കാരിനു ലാഭം! ഫാസ്റ്റ് ട്രാക് കോടതികളുടെ സ്ഥാപനത്തിനായി 140 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

കേരളത്തിലെ ഹൈക്കോടതിയിലും ജില്ലാ കോടതികളിലുമായി 7 ലക്ഷം കേസുകളാണ് ഇപ്പോൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത്.